"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം-ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീമതി. ബിന്ദു.ആർ.ന് ശൂന്യവേതനാവധി അനുവദിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.283/2022/F&WLD തീയതി, തിരുവനന്തപുരം, 06-07-2022.

---

പരാമർശം:- ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 22.03.2021, 22.03.2022 തീയതികളിലെ ഇ7-1246/2021 നമ്പർ കത്തുകൾ.

**ഉത്തരവ്**

വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി 09.01.2020 ൽ സർവ്വീസിൽ പ്രവേശിച്ച ശ്രീമതി. ബിന്ദു.ആർ.ന് 21.01.2020 മുതൽ 06.09.2020 വരെ 230 ദിവസത്തേക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിനായി ലഭ്യമാക്കിയ അപേക്ഷ ശുപാർശ സഹിതം പരാമർശിത കത്ത് പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുയുണ്ടായി. 14/06/1994 ലെ സർക്കുലർ നം. 36/94/ധന യിലെ ഖണ്ഡിക ii(a) പ്രകാരം സ്വകാര്യം , വ്യക്തിപരം തുടങ്ങിയ അവ്യക്തമായ ആവശ്യങ്ങൾക്ക് ദീർഘനാൾ ശൂന്യവേതന അവധി അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും ശ്രീമതി. ബിന്ദു.ആർ തന്റെ മാതാവിന്റേയും ചെറിയ കുട്ടിയുടേയും പരിചരണത്തിന് വേണ്ടിയാണ് അവധി എടുത്തത് എന്നതും അന്നത്തെ കോവിഡ് സാഹചര്യം കണക്കിലെടുത്തും, ടിയാരിക്ക് 21.01.2020 മുതൽ 06.09.2020 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം ഒന്ന്, ചട്ടം 88 (ii) ൽ ഇളവ് വരുത്തി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (സേവനപുസ്തകം സഹിതം).

ശ്രീമതി.ബിന്ദു.ആർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. (29.06.2022 ലെ അഗ്രി-എ1/105/2022/ധന പ്രകാരം).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**
**Date: 07-07-2022 10:11:08**
സെക്ഷൻ ഓഫീസർ.